**49**

# “എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ”

## മത്താ. 17:14-20; മർക്കൊ. 9:14-29; ലൂക്കൊ. 9:37-43, ഒരടുത്ത നോട്ടം

ദൈവവുമായിട്ടുള്ള നടപ്പിൽ വിഷമം നേരിട്ട ബൈബിളിലെ അനേകരെ കുറിച്ച് എനിക്കു അറിയാം. നിരുത്സാഹവാനായി തീർന്ന, ഏലിയാവിനെ എനിക്കു അറിയാം (1 രാജാക്കന്മാർ 19:10). തന്റെ പ്രവൃത്തികൾ അധികവും ഫലമില്ലാത്തതായി അനുഭവപ്പെട്ട, ഏലിയാവോടൊപ്പം ഞാൻ കരയുന്നു (യിരെമ്യാവു 9:1; 13:17). ചിന്തിക്കുന്നതിനു മുൻപ് പലപ്പോഴും സംസാരിച്ചിരുന്ന പത്രൊസുമായി, എനിക്കു ബന്ധമുള്ളതായി തോന്നും (ലൂക്കൊസ് 9:33). ഞാൻ തിരിച്ചറിയുന്നവരുടെ ലിസ്റ്റിൽ ഏറ്റവും മുകളിൽ ഉള്ളത് യേശുവിനോടു സംസാരിച്ച ഒരു അപ്പനാണ്, “ഞാൻ ... വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ” (മർക്കൊസ് 9:24). ആ മനുഷ്യൻ തന്റെ മകനെ സൗഖ്യമാക്കുവാൻ അവനോടു ആവശ്യപ്പെട്ടപ്പോൾ, ക്രിസ്തു പറഞ്ഞു, “വിശ്വസിക്കുന്നവന്ന് സകലവും സാധ്യമത്രേ” (മർക്കൊസ് 9:23). അത് ആ മനുഷ്യൻ, “ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ” എന്നു പറഞ്ഞു.

ക്രിസ്ത്യാനിത്വത്തിൽ ഏറ്റവും കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്ന വിഷയമാണ് വിശ്വാസം – വിശ്വാസം ശക്തിപ്പെടുത്തുന്നതിനേക്കാൾ കൂടുതൽ നിർണ്ണായകമായ ആവശ്യം മറ്റൊന്നില്ല. പൗലൊസ് എഴുതി,

> സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല, വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദനും പിന്നെ യവനന്നും, അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി, *വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും* വെളിപ്പെടുന്നു; “നീതിമാൻ വിശ്വാസത്താൽ ജീവിക്കും” എന്നു എഴുതിയിരിക്കുന്നുവല്ലോ (റോമർ 1:16, 17; എംഫസിസ് മൈൻ).

എൻഐവിയിൽ ഉള്ളത് “*ആദ്യം മുതൽ അവസാനം വരെ* വിശ്വാസത്താൽ ഉള്ള ഒരു നീതിയാണ്.” (എംഫസിസ് മൈൻ.) ന്യൂ സെഞ്ചറി വെർഷൻ പറയുന്നത് ദൈവത്തിന്റെ നീതി “വിശ്വാസത്താൽ ആരംഭിക്കയും വിശ്വാസത്തോടുകൂടി അവസാനിക്കയും” ചെയ്യുന്നതാണ് എന്നത്രെ.

“എന്നാൽ വിശ്വാസം കൂടാതെ [ദൈവത്തെ] പ്രസാദിപ്പിപ്പാൻ സാധ്യമല്ല” (എബ്രായർ 11:6). “കൃപയാലത്രെ” നാം “വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നത്” (എഫെസ്യർ 2:8). ക്രിസ്തീയ വഴിയിൽ നാം നടക്കുന്നതു “കാഴ്ച്ചയാൽ അല്ല,

വിശ്വാസത്താൽ അത്രെ" (2 കൊരിന്ത്യർ 5:7). പിശാചിൽ നിന്ന് നമ്മെ സംരക്ഷിക്കുന്ന കവചമാണ് വിശ്വാസം (എഫെസ്യർ 6:16). വിശ്വാസം "ലോകത്തെ അതിജീവിക്കുന്ന വിജയമാണ്" (1 യോഹന്നാൻ 5:4). വിശ്വാസത്തിന്റെ അന്തിമമായ "ഫലം" ആണ് ആത്മാക്കളുടെ "രക്ഷ" (1 പത്രൊസ് 1:9).

വിശ്വാസത്തിന്റെ പ്രാധാന്യത്തെ നാം പരിഗണിക്കുമ്പോൾ, നാമും, ഇങ്ങനെ നിലവിളിക്കുവാൻ, ഒരുപക്ഷെ നിർബന്ധിതമാകും, "ഞങ്ങൾ വിശ്വസിക്കുന്നു; ഞങ്ങളുടെ അവിശ്വാസത്തിന്നു സഹായിക്കേണമേ!" ആ ആവശ്യം ആദ്യം ഉന്നയിച്ച മനുഷ്യനെ കുറിച്ചു നാം പഠിക്കുന്നതിൽ, ബലഹീന വിശ്വാസത്തിന്റെ വസ്തുതകളെ നാം പരിഗണിക്കും. എല്ലാറ്റിലും ഉപരി, എങ്ങനെ വിശ്വാസം ശക്തിപ്പെടുത്താമെന്നു നാം പഠിക്കണം.

## വിശ്വാസത്തിന്റെ ഒരു പരീക്ഷണം
## (മത്താ. 17:14-18; മർക്കൊ. 9:14-27; ലൂക്കൊ. 9:37-43)

സംഭവത്തിന്റെ ആരംഭത്തിൽ, യേശുവും, പത്രൊസും, യാക്കോബും യോഹന്നാനും സമാധാനത്തിന്റെ, മറുരൂപ മലയിൽ നിന്ന്, പോരാട്ടത്തിന്റെ താഴ്വരയിലേക്ക് ഇറങ്ങിവന്നു. അതാണ് ജീവിതം, അതാണ് ദൈവേഷ്ടം. പത്രൊസിനെ പോലെ, നാം ആഗ്രഹിക്കുന്നത് മലമുകളിൽ കർത്താവിനോടുകൂടെ എപ്പോഴും ആയിരിക്കുവാനാണ് (മത്തായി 17:4), എന്നാൽ ജീവിക്കേണ്ടത് ആളുകൾ ഉള്ള സ്ഥലത്താണ് – പ്രശ്നങ്ങളും – ഉള്ള സ്ഥാനത്ത്.

മറ്റു ഒൻപതു അപ്പൊസ്തലന്മാരെ വിട്ടേച്ചുപോയ സ്ഥാനത്ത് ക്രിസ്തുവും ആ ചെറിയ കൂട്ടവും എത്തിയപ്പോൾ, "ചില ശാസ്ത്രിമാർ അവരോടു വാദിക്കുന്നതായി ... അവർ കണ്ടു" (മർക്കൊസ് 9:14). യേശുവിന്റെ വിശ്വാസ്യതയെയും അവന്റെ ശുശ്രൂഷയുടെ നിയമ സാധുതയെയും കുറിച്ച് ഒരുപക്ഷെ ശാസ്ത്രിമാർ വെല്ലുവിളി ഉയർത്തിയിരിക്കാം. ആ വാദം വീക്ഷിക്കുവാൻ ആകാംക്ഷാഭരിതരായിരുന്ന ഒരു കൂട്ടം പുരുഷാരം ഉണ്ടായിരുന്നു, അത് ഇന്ന് കാർ കൂട്ടിയിടിച്ച് അപകടം ഉണ്ടാകുമ്പോഴും മറ്റു വിപത്തുകൾ[1] ഉണ്ടാകുമ്പോഴും കൂടുന്ന തരത്തിലുള്ള കാഴ്ച്ചക്കാർ ആയിരുന്നു.

### ക്ഷീണിച്ച ഒരു ബാലൻ

പ്രശ്നമെന്താണെന്നു യേശു ചോദിച്ചു (മർക്കൊസ് 9:16). സാഹചര്യം അവന് അറിയാമായിരുന്നു, എന്നാൽ തരം താഴ്ത്തപ്പെട്ട അവന്റെ ശിഷ്യന്മാരിൽനിന്ന് അവനിലേക്ക് ശ്രദ്ധിക്കേണ്ടതിന് അവൻ ആഗ്രഹിച്ചു. പുരുഷാരത്തിൽ നിന്ന് ഒരു പുരുഷൻ കടന്നുവന്നു. ക്രിസ്തുവിന്റെ കാൽക്കൽ വീണ്, അവൻ അപേക്ഷിച്ചു, "കർത്താവേ, എന്റെ മകനോടു കരുണ കാണിക്കേണമേ" (മത്തായി 17:15).

ആ മനുഷ്യന്റെ മകൻ – അവന്റെ ഏക മകൻ (ലൂക്കൊസ് 9:38) – കഠിനമായി ബാധിക്കപ്പെട്ടിരുന്നു: ആ ബാലന് കേൾക്കുവാനോ സംസാരിക്കുവാനോ[2] കഴിഞ്ഞിരുന്നില്ല (മർക്കൊസ് 9:17, 25). അവൻ ഭൂത ബാധിതനായിരുന്നു (മത്തായി 17:18; ലൂക്കൊസ് 9:39, 42). ആ ഭൂതം അവനെ നിലത്തു തള്ളിയിടുകയും, അവിടെ അവൻ വേദനകൊണ്ടു പല്ലു കടിക്കുകയും, അവന്റെ വായിൽനിന്ന്, നുരയും പതയും വരുകയും ചെയ്തിരുന്നു (മർക്കൊസ് 9:18; ലൂക്കൊസ് 9:39). ആ ഭൂതം കാരണം, അവൻ വെള്ളത്തിൽ അല്ലെങ്കിൽ തീയിൽ

വീഴുമായിരുന്നു (മത്തായി 17:15; മർക്കൊസ് 9:22).[3]

ആ അപ്പൻ ബാലന് "ചന്ദ്രരോഗം" എന്നു വിളിച്ചു (മത്തായി 17:15; മൂല ഗ്രന്ഥം) കാരണം പുരാതനമായ അന്ധവിശ്വാസം പറയുന്നത്, അപസ്മാരം എങ്ങനെയോ, ചന്ദ്രനാൽ വരുന്നു എന്നാണ്. അക്ഷരീകമായ തർജ്ജിമ നടത്തിയാൽ "ലുണാറ്റിക്" എന്നാണ് (കെജെവിയും നവീകരിച്ച എൻഎഎസ്ബിയും നോക്കുക) അതു *ലൂണാ* എന്നതിൽ നിന്നും വന്നിരിക്കുന്നു, "ചന്ദ്രൻ" എന്നതിനുള്ള ലാറ്റിൻ വാക്കാണത്. "ലുണാറ്റിക്" എന്ന വാക്ക് ഇപ്പോൾ ഭ്രാന്തുള്ളവരെ സൂചിപ്പിച്ച് ഉപയോഗിക്കുന്നതിനാൽ, ചില തർജ്ജിമകൾ ആ വാക്കിനുപകരം "എപ്പിലെപ്റ്റിക്" എന്നാക്കിയിരിക്കുന്നു (ആർഎസ്വിയും എഎസ്വിയും നോക്കുക). തർജ്ജിമക്കാർ ഒരുപക്ഷെ ഇത് ഉപയോഗിക്കുവാൻ കാരണം ഇതിന്റെ പല ലക്ഷണങ്ങളും അപസ്മാര രോഗത്തിനും ഉള്ളതാണ് എന്നതുകൊണ്ടാകാം. എങ്ങനെയായാലും, അപസ്മാരരോഗത്തിനു[4] കാരണമായ "തലച്ചോറിലെ അസാധാരണമായ വൈദ്യുതാഘാത പ്രവൃത്തി" യുടെ ഫലമായിട്ടല്ല ആ ലക്ഷണങ്ങൾ ഉണ്ടാകുന്നത്, എന്നു മനസ്സിലാക്കുക, എന്നാൽ അത് ഭൂതബാധയിൽനിന്ന് ഉണ്ടാകുന്നതാണ് (മത്തായി 17:18; മർക്കൊസ് 9:25; ലൂക്കൊസ് 9:42[5]).

## നിരുത്സാഹപ്പെട്ട ഒരു ഉപദേഷ്ടാവു

തനിക്കു മുൻപിൽ കണ്ട രംഗത്തിൽ കർത്താവു അസ്വസ്ഥനായിരുന്നു: അങ്കലാപ്പിലായിരുന്ന ആ അപ്പനും, ശല്യപ്പെടുത്തിക്കൊണ്ടിരുന്ന പുരുഷാരവും, പോരാടിക്കൊണ്ടിരുന്ന ശാസ്ത്രിമാരും, സംഭ്രമിക്കപ്പെട്ട ശിഷ്യന്മാരും. യേശുവിന്റെ മാനുഷിക വശത്തെ കുറിച്ചുള്ള വിരളമായ കാഴ്ച്ചപ്പാട് അവൻ ഇങ്ങനെ പറഞ്ഞപ്പോൾ നമുക്കു കാണാം, "അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും?"[6] (മത്തായി 17:17).[7] "എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും?'' എന്ന അവന്റെ ചോദ്യം നാം കേൾക്കുമ്പോൾ, ജഡത്തിലെ അവന്റെ ഭാരവും ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപോകുവാനുള്ള അവന്റെ തിടുക്കവും നമുക്കു മനസ്സിലാക്കാം. "എത്രത്തോളം നിങ്ങളെ സഹിക്കും?'' എന്ന് അവൻ ചോദിക്കുന്നതു നാം കേൾക്കുമ്പോൾ, ജഡികമായതിൽ താൽപര്യമുള്ള പക്വതയില്ലാത്ത വിധിക്കൽ നടത്തുന്ന മനുഷ്യരോടു ആശയവിനിമയം ചെയ്യുവാൻ ശ്രമിക്കുന്നതിലുള്ള നിരുത്സാഹമാണ് കാണുവാൻ കഴിയുന്നത്.

ക്രിസ്തു അഭിസംബോധന ചെയ്ത കൂട്ടത്തിലെ ഒരു വിഭാഗമായി "അവിശ്വാസവും കോട്ടവുമുള്ള തലമുറ" യെ ചിലർ തിരിച്ചറിഞ്ഞിരുന്നു. ആ കൂട്ടത്തിലെ ആരെയെങ്കിലും വിട്ടുകളയുവാൻ കാരണം ഒന്നും ഞാൻ കാണുന്നില്ല: വിശ്വാസമില്ലാത്ത ശാസ്ത്രിമാർ, വിശ്വാസത്തിൽ നിശ്ചയമില്ലാത്ത പുരുഷാരം, ഉറപ്പില്ലാത്ത വിശ്വാസത്തോടുകൂടിയ അവന്റെ ശിഷ്യന്മാരും, ഇളകുന്ന[8] വിശ്വാസമുള്ള ആ അപ്പനും. അവരെല്ലാവരും *ആ* "അവിശ്വസിക്കുന്ന ... തലമുറ" യിൽ പെട്ടവരായിരുന്നു, അവർ നാം ജീവിക്കുന്ന ലോകത്തിൽപെട്ടവരും തന്നെ.

യേശു ആ അപ്പന്റെ ആവശ്യത്തോടു പ്രതികരിച്ചതു, "ആ മനുഷ്യന്റെ ... വിശ്വാസകുറവു കണക്കാക്കി അല്ല, എന്നാൽ അവന്റെ കൃപാധനപ്രകാരമത്രെ"[9] (എഫെസ്യർ 1:7 നോക്കുക). അവൻ ആ അപ്പനോടു പറഞ്ഞു, "നിന്റെ

മകനെ ഇവിടെ കൊണ്ടുവരിക" (ലൂക്കൊസ് 9:41; കൂടാതെ മത്തായി 17:17; മർക്കൊസ് 9:19 നോക്കുക).

**ഉറപ്പില്ലാത്ത ഒരു പിതാവ്**

അവർ ആ ബാലനെ യേശുവിന്റെ അടുക്കലേക്കു കൊണ്ടുവരുമ്പോൾ, ഭൂതം ആ ബാലനെ ആക്രമിച്ചു തള്ളിയിട്ടു. ആ ബാലൻ "ഉരുളുകയും അവന്റെ വായിൽ നിന്ന് നുരയുംപതയും വരുവാനും തുടങ്ങി" (മർക്കൊസ് 9:20). കർത്താവു ആ ബാലന്റെ അവസ്ഥ ചോദിച്ചറിഞ്ഞു (മർക്കൊസ് 9:21) – അതു അവൻ അറിയേണ്ടതിനായിരുന്നില്ല, എന്നാൽ ക്രിസ്തുവിനെ കൂടാതെയുള്ള അവന്റെ പ്രത്യാശ ഇല്ലായ്മയെ ആ പിതാവു മനസ്സിലാക്കേണ്ടതിനായിരുന്നു. ആ പിതാവിന്റെ ഉത്തരം ചുരുക്കത്തിൽ ഇങ്ങനെ ആയിരുന്നു "നിന്നാൽ വല്ലതും കഴിയുമെങ്കിൽ, മനസ്സലിഞ്ഞ് ഞങ്ങളെ[10] സഹായിക്കേണമേ!" (മർക്കൊസ് 9:22).

ആ പുരുഷന്റെ വാക്കുകൾ കേട്ടപ്പോൾ ക്രിസ്തുവിന്റെ കണ്ണുകളിൽ പ്രകാശം മിന്നിയതു ഞാൻ പറയുമ്പോൾ യേശുവിന്റെ ഉത്തരംവ്യാഖ്യാനിക്കുന്നതിൽ അതിർ കടന്നതായി എനിക്കു തോന്നുന്നില്ല: "നിനക്ക് കഴിയുമെങ്കിൽ?" (മർക്കൊസ് 9:23; 1977 എൻഎഎസ്ബി). ആ അപ്പൻ വിശ്വാസത്തോടുകൂടി, കർത്താവു തന്റെ മകനെ സൗഖ്യമാക്കുമെന്നു പ്രതീക്ഷിച്ചാണു വന്നത്. എങ്ങനെയായാലും, ശാസ്ത്രിമാരുടെ ആക്രമണത്തെ തുടർന്നു, ശിഷ്യന്മാർ പരാജയപ്പെട്ടതു, അവന്റെ വിശ്വാസത്തിന് അൽപം ഇളക്കം ഉണ്ടാക്കുവാൻ കാരണമായി. അവന്റെ ആവശ്യത്തിൽ ഇപ്പോൾ അൽപം സംശയം നിഴലിട്ടു: "നിനക്കു കഴിയു*മെങ്കിൽ* ...."

യേശു അവനോടു പറഞ്ഞു, "വിശ്വസിക്കുന്നവന്നു സകലവും കഴിയും" (മർക്കൊസ് 9:23). ഈ ശക്തിയുള്ള പ്രസ്താവനയെ കുറിച്ച് രണ്ടു നിരീക്ഷണങ്ങൾ നടത്താം. ഒരുവശത്ത്, മിക്കവരും മനസ്സിലാക്കുന്നതു ആ പ്രസ്താവനക്കു ചില യോഗ്യത ആവശ്യമുണ്ടെന്നാണ്. വിശ്വാസമുള്ള മനുഷ്യർക്ക് പരിമിതികളില്ലാത്ത, നിബന്ധനകളില്ലാത്ത ശക്തിയുണ്ട് എന്നുറപ്പിക്കുന്നത് വിഡ്ഢിത്തമാണ്. മറുവശത്ത്, വിശ്വാസമുള്ള ഒരു മനുഷ്യന് നേടിയെടുക്കുവാൻ കഴിയുന്നതിനെ നാം കുറച്ചു കാണുകയുമരുത്. വില്യം ബാർക്ലേ എഴുതി, "പ്രത്യാശ ഇല്ലാത്ത സമീപനത്തോടുകൂടി എന്തിനെയെങ്കിലും സമീപിക്കുന്നതു അതിനെ പ്രത്യാശ ഇല്ലാതാക്കും; വിശ്വാസമനോഭാവത്തോടുകൂടി എന്തിനെയെങ്കിലും സമീപിക്കുന്നതു അതിനെ സാധ്യമാക്കി തീർക്കും."[11] "സാധ്യമാകേണ്ട[12] ഒരു തോന്നലി"നുള്ള ആവശ്യകതയെയാണ് അദ്ദേഹം പറഞ്ഞത്.

"വിശ്വസിക്കുന്നവന്ന് സകലവും കഴിയും," എന്നു ക്രിസ്തു പറഞ്ഞശേഷം, "ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു, 'കർത്താവേ ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്ന് സഹായിക്കേണമേ'" (മർക്കൊസ് 9:23, 24). ആ വാക്കുകളിൽ താൽപര്യപൂർവ്വമായ ആവശ്യം ഉൾപ്പെട്ടിരിക്കുന്നു: "ആയിരിക്കേണ്ടതുപോലെയല്ല എന്റെ വിശ്വാസമെന്നതു വാസ്തവമാണ്, എന്നാൽ അതിനു എന്റെ മകനെ ശിക്ഷിക്കരുത്. ദയവായി, ദയവായി അവനെ സഹായിക്കുക!"

**വിശ്വാസ-പ്രചോദനമായ ഒരു പ്രദർശനം**

യേശു ബാലന്റെ നേരെ തിരിഞ്ഞു "അശുദ്ധാത്മാവിനെ[13] ശാസിച്ചു, 'ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ, ഇനിയവനിൽ കട ക്കരുത്, എന്നു ഞാൻ നിന്നോടു കൽപിക്കുന്നു' "[14] (മർക്കൊസ് 9:25). ഭൂതം ഉടനെ വിട്ടുപോയില്ല. അവൻ നിലവിളിച്ച് ആ ബാലനെ നിലത്തു തള്ളി യിട്ടു "വളരെ ഇഴച്ചു പുറപ്പെട്ടുപോയി" (മർക്കൊസ് 9:26). ആർ. അലെൻ കോൾ ആ കാഴ്ച്ചയെ വിശേഷിപ്പിച്ചത് "[ഒരു] പരാജയപ്പെട്ട ശത്രുവിന്റെ ശക്തിഹീനമായ രോഷം"[15] എന്നാണ്. അവസാനം, വൈമനസ്യത്തോടെ, ഭൂതം "പുറത്തുവന്നു" (മർക്കൊസ് 9:26).

ബാലൻ, മുറിവേറ്റു ക്ഷീണിച്ച്, അനക്കമില്ലാതെ തറയിൽ കിടന്നിരുന്നു. " 'അവൻ മരിച്ചുപോയി!' എന്ന് പലരും പറവാൻ തക്കവണ്ണം, മരിച്ചപോലെ ആയി" (മർക്കൊസ് 9:26). "യേശു അവനെ കൈയ്ക്കുപിടിച്ചു നിർത്തി; അവൻ എഴുന്നേറ്റു" (മർക്കൊസ് 9:27). പിന്നെയാണ് ക്രിസ്തു "ബാലനെ അവന്റെ അപ്പന്നു ഏൽപിച്ചുകൊടുത്ത"[16] ഹൃദയസ്പർശിയായ നിമിഷം ഉണ്ടായത് (ലൂക്കൊസ് 9:42). മനുഷ്യർ പരാജയപ്പെട്ടു, എന്നാൽ യേശു പരാ ജയപ്പെട്ടില്ല. ആ നിമിഷത്തെ കുറിച്ച്, ബർട്ടൻ കോഫ്മാൻ എഴുതി,

> എല്ലാ സമയം മുതൽ നിത്യതവരെയുള്ള പ്രവചനം ഇതാ. തലമുറകൾ എഴുന്നേറ്റു കർത്താവിനെ തള്ളിക്കളഞ്ഞേക്കാം; അവിശ്വാസികൾ മെഴു കുപോലെ ഉറച്ചു കഠിനമായി തീർന്നേക്കാം; കർത്താവിന്റെ ശിഷ്യന്മാർ പോലും, അവരുടെ ആത്മീകമായ കാര്യങ്ങൾ ഉപേക്ഷിക്കുന്നതുവഴി, ജീവി തത്തിലെ പ്രശ്നങ്ങളോടു ഏറ്റുമുട്ടുവാൻ ശക്തിയില്ലാത്തവരായി സ്വയം കണ്ടേക്കാം; എങ്കിലും ക്രിസ്തുവും അവന്റെ വിശുദ്ധ വിശ്വാസവും എല്ലാ യ്പ്പോഴും വിജയിക്കുന്നു. ''പാതാളഗോപുരങ്ങൾ'' അതിനെ ജയിക്കയില്ല … .[17]

ഒരിക്കൽ കൂടെ ക്രിസ്തു തന്റെ പിതാവിനെ മഹത്വപ്പെടുത്തി: ആളു കൾ അതിശയിച്ച് "ദൈവത്തിന്റെ മഹിമയിങ്കൽ വിസ്മയിച്ചു" (ലൂക്കൊസ് 9:43).

## വിശ്വാസത്തിന്റെ ശക്തി
## (മത്താ. 17:19-21; മർക്കൊ. 9:28, 29)

യേശുവും ശിഷ്യന്മാരും തനിച്ചായപ്പോൾ, അവർ അവനോടു ചോദിച്ചു, ''ഞങ്ങൾക്ക് അതിനെ [ഭൂതത്തെ] പുറത്താക്കി കൂടാഞ്ഞത് എന്ത്?'' (മത്തായി 17:19; നോക്കുക മർക്കൊസ് 9:28[18]). അവരെ അതു കുഴപ്പിച്ചിരു ന്നു. ക്രിസ്തു അവർക്ക് "അശുദ്ധാത്മാക്കളെ പുറത്താക്കുവാൻ, അധികാരം കൊടുത്തിരുന്നു," പ്രത്യേകമായി അവരോടു "ഭൂതങ്ങളെ പുറത്താക്കുവാൻ" പറഞ്ഞിരുന്നു (മത്തായി 10:1, 8; മർക്കൊസ് 6:7 നോക്കുക). അത് അവർ ചെയ്തിരുന്നു; മർക്കൊസ് രേഖപ്പെടുത്തിയത് "വളരെ ഭൂതങ്ങളെ പുറത്താ ക്കുകയും രോഗികളെ സൗഖ്യം വരുത്തുകയും ചെയ്തു'' എന്നാണ് (മർക്കൊസ് 6:13). അതുകൊണ്ടു ആ മനോവ്യഥയുള്ള അപ്പൻ വന്നപ്പോൾ, ഒരു പ്രശ്നവും ഉണ്ടാകയില്ല എന്ന് ഒരുപക്ഷെ അവർ വിചാരിച്ചിരിക്കാം. അവർ ധൈര്യത്തോടെ ഇങ്ങനെ പറയുന്നത് എനിക്ക് ഊഹിക്കുവാൻ കഴി

യും, "യേശു ഇവിടെ ഇല്ല, എങ്കിലും വിഷമിക്കേണ്ട; ഞങ്ങൾ ശരിയാക്കി ത്തരാം! ബാലനെ ഇവിടെ കൊണ്ടുവരിക!" അവർ ഭൂതത്തെ പുറത്താക്കു വാൻ വീണ്ടും വീണ്ടും പരിശ്രമിച്ച് പരാജയപ്പെട്ടപ്പോൾ ലജ്ജിതരാകുന്നത് എനിക്കു കാണുവാൻ കഴിയും.

**വിശ്വാസ കുറവ്**

അവരുടെ പരിശ്രമങ്ങൾ എന്തുകൊണ്ടു ഫലപ്രദമാകാതിരുന്നു എന്ന് യേശു വിശദമാക്കി: ''നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രെ''[19] (മത്തായി 17:20). അപ്പൊസ്തലന്മാർക്ക് കുറച്ചു വിശ്വാസമുണ്ടായിരുന്നു, അല്ലെങ്കിൽ അവർ ബാലനെ സുഖപ്പെടുത്തുവാൻ ശ്രമിക്കുമായിരുന്നില്ല; എന്നാൽ എങ്ങനെയോ അവരുടെ വിശ്വാസം നഷ്ടപ്പെട്ടിരുന്നു. കർത്താവു തുടർന്നു, "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ, ഈ മല യോടു,[20] 'ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക,' എന്നു പറഞ്ഞാൽ, അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാകയുമില്ല"[21] (മത്തായി 17:20[22]).

ക്രിസ്തുവിന്റെ മലയുടെ ചിത്രീകരണം വളരെ പേരെ ആകർഷിക്കു കയും കുഴപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കേ ണ്ടതിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കുവാൻ അവൻ ഇതേ ചിത്രീക രണം പിന്നീട് ഉപയോഗിച്ചിട്ടുണ്ട് (മത്തായി 21:21, 22; മർക്കൊസ് 11:22–24).[23] കിണറ്റിൽനിന്ന് വെള്ളം കോരുവാൻ മല കയറേണ്ടിവന്ന ഒരു സ്ത്രീയെ കുറിച്ച് എനിക്കോർമ്മ വരുന്നു. ഈ വേദഭാഗങ്ങൾ വായിച്ചശേഷം, അവൾ പ്രാർത്ഥിച്ചു, "ദൈവമേ, ഞാൻ വിശ്വസിക്കുന്നു! അതുകൊണ്ട് ആ മലയെ മാറ്റിത്തരേണമേ!" അവൾ പ്രാർത്ഥിച്ചശേഷം കണ്ണുതുറന്നപ്പോൾ, അവൾ അത്ഭുതപ്പെട്ടു പറഞ്ഞു, "ഞാൻ പ്രതീക്ഷിച്ചതുപോലെ തന്നെ! അത് അവി ടെത്തന്നെയുണ്ട്!" വ്യക്തമായി പറഞ്ഞാൽ, അവരുടെ പ്രാർത്ഥന തികച്ചും വിശ്വാസമുള്ള ഒരു പ്രാർത്ഥന ആയിരുന്നു.

അക്ഷരികമായി, ഭൂമിയിൽ ഉയർന്നു നിൽക്കുന്ന ഭൗതികമായ മലയെ കുറിച്ചു ചിന്തിച്ചാൽ, എങ്ങനെയായാലും, നാം ഒരു പക്ഷെ വേദഭാഗത്തോടു അനീതി പുലർത്തിയേക്കാം. യേശുവും തന്റെ ശിഷ്യന്മാരും ഭൗതികമായ ഒരു മലയും നീക്കുവാൻ ശ്രമിച്ചതായി സൂചനയില്ല. കർത്താവിന്റെ ആത്മി കമായ പദ്ധതിയിൽ അത്തരം അത്ഭുതത്തിന് വലിയ പ്രസക്തിയില്ല.

ക്രിസ്തുവിന്റെ കാലത്ത് മലകളെ പൊതുവിൽ ആലങ്കാരിക ഭാഷയായി ഉപയോഗിച്ചിരുന്നു. ആളുകൾക്ക് പരിചയമുള്ള ഏറ്റവും വലിയ വസ്തു വായിട്ട് മലയെ ഒരുപക്ഷെ കണക്കാക്കിയിരിക്കാം. അതുപോലെയുള്ള പ്രയോ ഗമാണ് നാം "ബറീഡ് അണ്ടർ എ മൗണ്ടൻ ഓഫ് വർക്ക്"[24] അല്ലെങ്കിൽ "മേക്കിങ് മൗണ്ടൻസ് ഔട്ട് ഓഫ് മോൾഹിൽസ്" എന്നു പറയുമ്പോൾ ഉപ യോഗിക്കുന്നത്.

യെഹൂദന്മാർക്കിടയിൽ, "മലയെ നീക്കൽ" എന്നത് തടസ്സങ്ങളെ അതി ജീവിക്കുന്നതിന് ഉപയോഗിച്ചിരുന്ന പരിചിതമായ പ്രയോഗമായിരുന്നു (നോക്കുക യെശയ്യാവു 40:4; 49:11; 54:10). റബ്ബിമാർ അസാധ്യമെന്നു[25] തോന്നുന്ന തടസ്സങ്ങളെ നീക്കം ചെയ്യുന്നതിനെ സൂചിപ്പിച്ച് ആ പദപ്രയോഗം ഉപയോഗിക്കാറുണ്ട്. തീർച്ചയായും ആ അർത്ഥത്തിലാണ് മത്തായി 17–ൽ അത് ഉപയോഗിച്ചിരിക്കുന്നത്. ഇതു പരിഗണിക്കുക: നമ്മുടെ ജീവിത വഴി യിൽ നേരിടുന്ന ചില "മലകൾ" നീക്കം ചെയ്യുന്നതുമായി താരതമ്യപ്പെടു

ത്തിയാൽ അഴുക്കും പാറയുമുള്ള മലകൾ നീക്കം ചെയ്യുന്നത് എളുപ്പമാണ്. മണ്ണ്–നീക്കുവാൻ പറ്റിയതായ ഉപകരണവും, ആ ഉപകരണം ഉപയോഗിക്കുവാനുള്ള ആളുകളേയും, ധാരാളം സമയവും തന്നാൽ, അങ്ങനെയായാൽ ഏതൊരു ഭൗതിക മലയും എനിക്കു നീക്കുവാൻ കഴിയും. എങ്ങനെയായാലും, മാനുഷകാഴ്ച്ചപ്പാടിന്മേലുള്ള മലകൾ പോലെയുള്ള ബഹുവിധമായ പ്രയാസങ്ങളെ സംബന്ധിച്ച് അതേ ആത്മ വിശ്വാസം, എനിക്കില്ല.

അപ്പൊസ്തലന്മാർ പിന്നീട് മലകൾ പോലെയുള്ള വേദനയും ഉപദ്രവവും അഭിമുഖീകരിക്കുന്നുണ്ട് (നോക്കുക മത്തായി 5:11; പ്രവൃത്തികൾ 8:1, 3). ഭൂമിയിൽനിന്ന് തങ്ങൾക്കുനേരെ ഉയരുന്ന കല്ലേറുകൾ നീക്കം ചെയ്യപ്പെടുമെന്നുള്ളതിന്റെ ഉറപ്പു അവർക്ക് ആവശ്യമില്ലായിരുന്നു. അവർ അറിയേണ്ടി*യിരുന്നത്* എന്തെന്നാൽ, അവരെ നിരുത്സാഹപ്പെടുത്തേണ്ടതിന് മനുഷ്യ–നിർമ്മിതവും സാത്താൻ–പ്രേരിതവുമായ പർവ്വതം പോലെ ഉയർന്ന മലകളെ അതിജീവിക്കുവാൻ, കർത്താവിന്റെ സഹായത്തോടെ അവർക്കു കഴിയുമെന്നുള്ളതാണ്.

അവർക്കു കടുകുമണിയോളം വിശ്വാസമു*ണ്ടെങ്കിൽ* – ഏത് പ്രയാസത്തെയും അതിജീവിച്ച് വിജയിക്കുവാൻ തന്റെ അനുയായികൾക്ക് കഴിയുമെന്നാണ് ക്രിസ്തു ഉറപ്പു നൽകിയത്. കടുകുമണി, വിത്തുകളിൽവെച്ച് ഏറ്റവും ചെറുതാണ്, ഏറ്റവും ചെറിയ ഒന്നിനെ ആലങ്കാരികമായി ഉപയോഗിക്കുവാൻ യേശു അടിക്കടി അതിനെ ഉപയോഗിച്ചിരുന്നു (മത്തായി 13:31; ലൂക്കൊസ് 13:19; 17:5, 6). മത്തായി 17:20–ലെ താരതമ്യം തന്റെ ശ്രോതാക്കൾക്ക് ചെറിയ സാധനങ്ങളിൽവെച്ച് ഏറ്റവും പരിചയമുള്ള ഒന്നും (ഒരു കടുകുമണി) വലിയ സാധനങ്ങളിൽ പരിചയമുള്ള ഒന്നും (ഒരു പർവ്വതം) തമ്മിലായിരുന്നു. അങ്ങനെ കർത്താവു വിശ്വാസത്തിന്റെ ശ്രദ്ധേയമായ ശക്തിയെ ഊന്നിപ്പറഞ്ഞു.

എങ്ങനെയായാലും, ക്രിസ്തു കടുകുമണിയെ ഒരു ചിത്രീകരണത്തിനു ഉപയോഗിക്കുമ്പോൾ അവന്റെ മനസ്സിൽ അതിന്റെ വലിപ്പമായിരുന്നില്ല ഉണ്ടായിരുന്നത്. എൻഎഎസ്ബിയിൽ ഉള്ളത് “കടുകുമണിയോളം വിശ്വാസം” എന്നാണെങ്കിലും, “വലുപ്പം” എന്ന വാക്ക് മൂലഗ്രന്ഥത്തിലില്ല. ഗ്രീക്ക് വേദപുസ്തകത്തിൽ ഉള്ളത് “കടുകുമണി*പോലെ യുള്ള* വിശ്വാസം” എന്നാണ് (കെജെവി നോക്കുക; എംഫസിസ് മൈൻ). നമുക്കുണ്ടായിരിക്കേണ്ട വിശ്വാസവുമായി ബന്ധപ്പെട്ട് പല ഗുണങ്ങളും ഈ വിത്തിന് ഉണ്ട്. ഉദാഹരണത്തിന്,

- കടുകുമണി ചെറുതാണെങ്കിലും വാസ്തവമാണ്.
- കടുകുമണി ചെറുതാണെങ്കിലും ജീവനുള്ളതാണ്, അതുപോലെ നമ്മുടെ വിശ്വാസവും ജീവനുള്ളതാകണം (യാക്കോബ് 2:26 നോക്കുക).
- കടുകുമണി ചെറുതാണെങ്കിലും, അതിനു വലിയ ശക്തിയുണ്ട് (നോക്കുക ലൂക്കൊസ് 13:19).
- കടുകുമണി ചെറുതും ബലമില്ലാത്തതുമാണ്, എന്നാൽ അതിനു ചുറ്റുമുള്ള മണ്ണിന്റെ ശക്തി അതു സ്വയം[26] സ്വീകരിക്കുന്നു.

നാലാമത്തെ ഗുണം ഏറ്റവും നിർണ്ണായകമാണ്. നമ്മുടെ വിശ്വാസം എന്തിൽ *കേന്ദ്രീകരി*ക്കുന്നു എന്നതിന്റെ അത്ര പ്രാധാന്യമുള്ളതല്ല നമ്മുടെ

വിശ്വാസത്തിന്റെ *വലിപ്പം.* പൗലൊസ് പറഞ്ഞു, “ഞാൻ സകലത്തിനും മതിയാകുന്നു ...” (ഫിലിപ്പിയർ 4:13). അത് ഏതാണ്ട് “വിശ്വസിക്കുന്നവന്ന് സകലവും കഴിയും” (മർക്കൊസ് 9:23) എന്നതു പോലെയാണ്. എങ്ങനെയായാലും, പൗലൊസിന്റെ പ്രസ്താവനയുടെ അവസാനം, ശ്രദ്ധിക്കുക: “*എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം* ഞാൻ സകലത്തിന്നും മതിയാകുന്നു” (ഫിലിപ്പിയർ 4:13; എംഫസിസ് മൈൻ). നാം വിശ്വസിക്കുന്നവനിൽ നിന്നു ലഭിക്കുന്നത്ര ശക്തി നമ്മുടെ വിശ്വാസം നമുക്കു നൽകുന്നില്ല. നിങ്ങൾ റോഡിൽനിന്നു താഴേക്കു നടന്ന് ഒഴുകിമറിയുന്ന നദിയുടെ മീതെയുള്ള ഒരു പാലത്തിൽ എത്തിയെന്നു വിചാരിക്കുക. ആ പാലം നിങ്ങളെ താങ്ങുവാൻ ശക്തമാണ് എന്നു *വിശ്വസിക്കുന്ന*തുവരെ നിങ്ങൾ അതിൽകൂടെ കടന്നുപോകയില്ല. എങ്ങനെയായാലും, നിങ്ങൾ അതിൽകൂടെ കടന്നു കഴിയുമ്പോൾ, പാലമാണോ അതോ പാലത്തിലുള്ള നിങ്ങളുടെ വിശ്വാസമാണോ നിങ്ങളെ താങ്ങിയത്? ഞാൻ പറയുന്ന പോയിന്റ് നിങ്ങൾക്കു മനസ്സിലാകുന്നുണ്ടെന്ന് ഞാൻ കരുതുന്നു: നാം വിശ്വസിച്ചിരിക്കുന്നത് എന്തിനെ (അല്ലെങ്കിൽ ആരെ) ആണെന്നുള്ളതിനെ കുറിച്ചു നാം കരുതുന്നതുപോലെ നമ്മുടെ വിശ്വാസത്തിന്റെ വലുപ്പത്തെ കുറിച്ചു നാം അത്ര കരുതേണ്ടതില്ല.

“വിശ്വസിക്കുന്നവന്ന് സകലവും കഴിയും” എന്ന യേശുവിന്റെ പ്രസ്താവനയെ പിന്നീട് അവൻ പറയുന്ന “*ദൈവത്തിന്* സകലവും സാദ്ധ്യമത്രെ” എന്നതുമായി നാം ബന്ധപ്പെടുത്തി ചിന്തിക്കുക (മത്തായി 19:26; എംഫസിസ് മൈൻ). ശക്തിയുടെ ഉറവിടത്തിന് അപ്പുറം മറ്റൊരു ശക്തിയില്ല. പൗലൊസ് എഴുതി, “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നുവെന്നു ഞാൻ അറിയുന്നു *അവൻ* ശക്തനെന്നു ഉറെച്ചുമിരിക്കുന്നു...” (2 തിമൊഥെയൊസ് 1:12; എംഫസിസ് മൈൻ). ഹ്യൂഗോ മെക്ഗോഡ് ആ വാക്യത്തിന്റെ ആദ്യഭാഗം തർജ്ജിമ ചെയ്തിരിക്കുന്നത്, “ഞാൻ ആശ്രയം വെച്ചിരിക്കു*ന്നവനെ* ഞാൻ അറിയുന്നു ... .”[27]

**പ്രാർത്ഥനയിലെ അഭാവം**

മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, യേശു അപ്പൊസ്തലന്മാർക്ക് നൽകുന്ന ഉത്തരത്തെ പരിഗണിക്കുമ്പോൾ ഇതെല്ലാം മനസ്സിൽ വയ്ക്കുക. ആ എഴുത്തുകാരൻ പറഞ്ഞത് അനുസരിച്ച്, തങ്ങൾക്കു എന്തുകൊണ്ട് ആ ഭൂതത്തെ പുറത്താക്കുവാൻ കഴിഞ്ഞില്ല എന്ന് ശിഷ്യന്മാർ അവനോടു ചോദിച്ചതിനു, കർത്താവു മറുപടി നൽകി, “ഈ ജാതി[28] പ്രാർത്ഥനയാൽ അല്ലാതെ പുറത്തുപോകയില്ല”[29] (മർക്കൊസ് 9:29). ആ പ്രസ്താവനയെ നാം മാറ്റിനിർത്തിയാൽ, അപ്പൊസ്തലന്മാർ പ്രാർത്ഥിക്കാതെ ഭൂതത്തെ പുറത്താക്കുവാൻ ശ്രമിച്ചതുകൊണ്ട് അവർ പരാജയപ്പെട്ടു എന്ന പ്രതീതിയാണ് ഉളവാക്കുന്നത്. എങ്ങനെയായാലും, ആ സംഭവത്തെ നിങ്ങൾ അവലോകനം ചെയ്യുമ്പോൾ, *യേശു* ഭൂതത്തെ പുറത്താക്കുന്നതിനുമുൻപു പ്രാർത്ഥിച്ചിരുന്നില്ല എന്നുകാണാം. അവൻ, എങ്ങനെയായാലും, ആ രാത്രിയിൽ മലയിൽവെച്ച് ദൈവവുമായി ആശയവിനിമയം നടത്തിയിട്ടായിരുന്നു (ലൂക്കൊസ് 9:28 നോക്കുക) അവൻ അശുദ്ധാത്മാവിനെ ആ ബാലനിൽനിന്ന് വിട്ടുപോകുവാൻ കൽപിച്ചത്.

പ്രാർത്ഥനയെ കുറിച്ചുള്ള സൂചന നൽകുന്നത് ശിഷ്യന്മാർ പൊതുവിൽ തങ്ങളുടെ പ്രാർത്ഥനാജീവിതത്തെ ഉപേക്ഷയായി വിചാരിച്ചിരുന്നു,

എന്നാകാനാണ് കൂടുതൽ സാധ്യത. അത്ഭുത കാര്യങ്ങൾ സംഭവിക്കേണ്ട തിനുള്ള "ഇന്ദ്രജാല വാക്കുകൾ" അല്ല പ്രാർത്ഥന; പ്രപഞ്ചത്തിന്റെ സൃഷ്ടി കർത്താവിൽ നാം ആശ്രയിക്കുന്നുവെന്ന തിരിച്ചറിയലാണ് പ്രാർത്ഥന. ഭൂത ങ്ങളെ പുറത്താക്കുവാൻ ദൈവത്തിൽ ആശ്രയിക്കുന്നതിൽനിന്ന് അപ്പൊ സ്തലന്മാർ തങ്ങളുടെ കഴിവിൽ ആശ്രയിച്ചതുകൊണ്ടാണ് അവർ പരാജയ പ്പെട്ടതെന്ന് പല എഴുത്തുകാരും കരുതിയിട്ടുണ്ട്. ജോൺ ഫ്രാങ്ക്ളിൻ കാർടർ പറഞ്ഞു "അവർ ദൈവത്തിൽബോധപൂർവ്വം വിശ്വാസമർപ്പിക്കുന്നതിനേ ക്കാൾ കൂടുതൽ സ്വയം-ആത്മവിശ്വാസം ഉള്ളവരായിരുന്നു"[30] എന്നാണ്. ശിംശോനെ പോലെ, അവർ യുദ്ധത്തിനുപോയി, എന്നാൽ ശക്തി തങ്ങളെ വിട്ടുപോയി എന്നു അറിഞ്ഞിരുന്നില്ല (ന്യായാധിപന്മാർ 16:20).

നമുക്കും എത്ര എളുപ്പത്തിൽ അങ്ങനെ സംഭവിക്കാം! ദൈവം നമുക്ക് വരങ്ങൾ നൽകുകയും നമ്മുടെ പരിശ്രമങ്ങൾ വിജയിപ്പിക്കുകയും ചെയ്യും, എന്നാൽ അധികം താമസിയാതെ *നമ്മുടെ* ശക്തിയിൽ നാം വിശ്വസിക്കുക യും, *നമ്മുടെ* ബുദ്ധി അനുസരിച്ച് നാം തീരുമാനങ്ങൾ എടുക്കുകയും, *നമ്മുടെ* കഴിവനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും. അതു സംഭവിക്കു മ്പോൾ, ആത്മീയ വിപത്ത് വിദൂരമല്ല!

തീ തുടർച്ചയായി ജ്വലിക്കണമെങ്കിൽ, അതിൽ തുടർച്ചയായി വിറക് ഇട്ടുകൊണ്ടിരിക്കണം.[31] ഒരു ബാറ്ററി അതിന്റെ ഊർജ്ജം തുടർച്ചയായി നൽകു വാൻ, അതു തുടർച്ചയായി ചാർജ് ചെയ്യണം. ഒരാളുടെ ആത്മീയ ജീവിതം ശക്തമായി നിലനിൽക്കണമെങ്കിൽ, അവൻ തന്റെ കർത്താവുമായിട്ടുള്ള ബന്ധം തുടർച്ചയായി പുതുക്കണം! യാക്കോബു പറഞ്ഞു, "നിങ്ങൾ ദൈവ ത്തോടടുത്തുവന്നാൽ അവൻ നിങ്ങളുടെ അടുത്തുവരും" (യാക്കോബ് 4:8). യെശയ്യാ പ്രവാചകൻ എഴുതി "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെ പോലെ ചിറകു അടിച്ചു കയറും, അവർ തളർന്നുപോകാതെ ഓടുകയും, ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും" (യെശയ്യാവു 40:31).

## ശക്തിയുടെ ഉറവിടം

സംഭവത്തെ അവലോകനം ചെയ്തുകൊണ്ട്, വ്യക്തിപരമായ പ്രായോ ഗികത[32] നടത്തുന്നതിന് നമുക്ക് അല്പസമയം ഉപയോഗിക്കാം.

### സംശയത്തിന്റെ ഉറവിടങ്ങൾ

ഈ വിവരണത്തിൽ ഒന്നാമതായി എടുത്തുപറയാവുന്നത് അപ്പൊസ്ത ലന്മാരും ആ അപ്പനും ഉൾപ്പെടെ, പലരും ആ അവസരത്തിൽ വിശ്വാസ ത്തിലുള്ള പ്രതിസന്ധി നേരിട്ടവരാണ് എന്നതാണ്. ഇന്നും ആളുകൾ തങ്ങ ളുടെ വിശ്വാസത്തിൽ വിഷമിക്കുന്നുണ്ട്. അതെന്തുകൊണ്ടാണെന്നു ചില കാരണങ്ങൾ നമ്മുടെ വേദഭാഗത്തിൽ കാണുവാൻ കഴിയും.

*തിന്മയുടെ പ്രശ്നം.* ഒരുപക്ഷെ ആളുകൾ സംശയിക്കുവാനുള്ള ഒന്നാ മത്തെ കാരണം നല്ല ആളുകൾക്ക് തിന്മ സംഭവിച്ചുകൊണ്ടിരിക്കുന്നത് അവർ കണ്ടതുകൊണ്ടാവാം. ഈ സംഭവത്തിൽ, ആ ബാലന് ഇത്രഭയങ്കര ബാധ ഉണ്ടാകുവാൻ അവൻ എന്തെങ്കിലും ദോഷം ചെയ്ത സൂചന നാം കാണു ന്നില്ല. നല്ലയാളുകൾക്ക്[33] എന്തുകൊണ്ട് മോശം സംഭവങ്ങൾ ഉണ്ടാകുന്നു എന്ന ചോദ്യത്തിന് പെട്ടെന്നുള്ള മറുപടിയില്ല, എന്നാൽ നമ്മുടെ സംഭവ

ത്തിലെ രണ്ടുവശങ്ങൾ പരിശോധിക്കുന്നതു പ്രയോജനം ചെയ്യും: (1) അവസാനം, എല്ലാം ശരിയാകും, (2) ആ അവസരം യേശു പിതാവിനെ മഹത്വപ്പെടുത്തുവാൻ ഉപയോഗിച്ചു (ലൂക്കൊസ് 9:43).[34]

*ശിഷ്യന്മാരുടെ ദൗർബ്ബല്യം.* വിജയിക്കേണ്ട സ്ഥാനത്ത് അപ്പൊസ്തലന്മാർ പരാജയപ്പെട്ടു. ക്രിസ്ത്യാനികളുടെ തെറ്റുകൾ കണ്ടുകൊണ്ട് ആളുകൾ ചിലപ്പോൾ മോഹമുക്തരായി അവരുടെ ദൈവത്തിലുള്ള വിശ്വാസത്തെ ബാധിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. അവർ മനസ്സിലാക്കേണ്ടത് നമ്മുടെ ആശ്രയം നമ്മെ നിരാശപ്പെടുത്തുന്ന, മനുഷ്യരിൽ ആയിരിക്കരുത്, എന്നാൽ ആശ്രയിച്ച് അന്വേഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കാത്തവനിൽ ആയിരിക്കണം (സങ്കീർത്തനം 9:10).

*ലോകത്തിന്റെ ആക്രമണം.* ആ അപ്പന്റെ വിശ്വാസം ബലഹീനമായത് ശിഷ്യന്മാർ പരാജയപ്പെട്ടതുകൊണ്ടു മാത്രമായിരുന്നില്ല, എന്നാൽ ശാസ്ത്രിമാർ പരിഹസിച്ചതുകൊണ്ടും കൂടെയായിരുന്നു. വിശ്വാസത്തെ പ്രഖ്യാപിക്കുന്ന ഓരോ പ്രസംഗപീഠത്തിനായും, സാത്താൻ ആയിരം വഴികൾ ഉപയോഗിച്ച് സംശയം പ്രകടിപ്പിക്കുന്നു – അത് പുരുഷാരത്തെ പ്രതികൂലമായി ബാധിക്കും. സംശയിപ്പിക്കുന്ന സന്ദേശവാഹകർക്കുനേരെ നമ്മുടെ ചെവികൾ അടയ്ക്കുവാനും തീർച്ചയുള്ള സുവിശേഷകർക്കുനേരെ ചെവി തുറക്കുവാനും നാം ശീലിക്കണം.

*സ്വാർത്ഥതയുടെ യാഥാർത്ഥ്യം.* ആ അപ്പനെ യേശു ശാസിച്ചതു സ്വയ–പരിശോധനയ്ക്കു അവനെ നിർബന്ധിച്ചു, അവന്റെ അവിശ്വാസമെന്ന ബലഹീനത സമ്മതിക്കുവാനും കാരണമായി തീർന്നു. നാം നമ്മോടു സത്യസന്ധതയുള്ളവരാണെങ്കിൽ, നാം ആകേണ്ടതുപോലെ ആയിട്ടില്ല എന്നു സമ്മതിക്കും. ഈ വാസ്തവം നമ്മിൽ ചിലരെ മറ്റു വസ്തുതകൾ എല്ലാം യോജിച്ചുള്ളതിനേക്കാൾ കൂടുതൽ തടസ്സപ്പെടുത്തുന്നു. നിരുത്സാഹം നിരാശയിലേക്കും, അതു സംശയത്തിലേക്കും നയിക്കാം. മുൻപ് പറഞ്ഞ ഒരു പ്രസ്താവന അടിവരയിടുക: ആ അപ്പന്റെ വിശ്വാസകുറവു അനുസരിച്ചായിരുന്നില്ല യേശു പ്രതികരിച്ചത്, എന്നാൽ അവന്റെ കരുണാധിക്യപ്രകാരമായിരുന്നു. നിങ്ങൾ നിരുത്സാഹപ്പെടുമ്പോൾ ആ സത്യത്തിൽ തന്നെ ഉറച്ചുനിൽക്കുക.

ഇവയും മറ്റു വസ്തുതകളും അനേകരുടെ വിശ്വാസത്തെ നഷ്ടപ്പെടുത്തുവാൻ പിൻതുടരുന്നവയാണ്. ഒരുപക്ഷെ അവ നമ്മെയും ബാധിച്ചിരിക്കാം. നാലു രീതിയിലുള്ള വിശ്വാസത്തെ[35] എഴുത്തുകാരൻ ജോൺ വെസ്റ്റ്റോഫ് വിവരിച്ചിട്ടുണ്ട്, അത് വിശ്വാസത്തിന്റെ നിലകളായി നമുക്കു ചിന്തിക്കാം: (1) *അനുഭവിച്ച വിശ്വാസം* കുട്ടികളുടെ വിശ്വാസമാണ്, ആ വിശ്വാസം അവർക്ക് മാതാപിതാക്കളിൽനിന്നും മറ്റുള്ളവരിൽ നിന്നും ലഭിച്ചതാണ്. (2) *സംയോജിപ്പിക്കപ്പെട്ട വിശ്വാസം*[36] പ്രായമുള്ള കുട്ടികളുടേയും പല പ്രായപൂർത്തിയായവരുടേയും വിശ്വാസമാണ്, വിശ്വാസമുള്ളവരുമായി സംയോജിക്കുന്നതിൽനിന്ന് ഉണ്ടാകുന്നതാണ് ആ വിശ്വാസത്തിന്റെ പരിമിതി. (3) *അന്വേഷിക്കുന്ന വിശ്വാസം* ചോദ്യങ്ങൾ ചോദിക്കുന്ന വിശ്വാസമാണ്, വ്യക്തിപരമായി വിശ്വാസത്തിൽ ആകുന്നതിനു വിഷമിക്കുന്നതുമായ വിശ്വാസം. (4) *സ്വന്തമാക്കിയ വിശ്വാസം* വ്യക്തിപരമായ വിശ്വാസമാണ്, അത് മൂന്നാമത്തെ നിലയ്ക്കുമപ്പുറം വിജയകരമായി രൂപപ്പെട്ട വിശ്വാസമാണ്. 70 ശതമാനം വ്യക്തികളും രണ്ടാമത്തെ നില തരണം ചെയ്യാറില്ല എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു വ്യക്തി തന്റെ വിശ്വാസത്തിൽ രണ്ടാമത്തെ നില

തരണം ചെയ്തില്ല എങ്കിൽ, ആ വ്യക്തിയുടെ ജീവിതത്തിന്റെ ഏതെങ്കിലും സമയത്ത്, അയാളുടെ വിശ്വാസത്തെ[37] ഇളക്കുവാനും കർത്താവിനോടുള്ള ബന്ധം ഉപേക്ഷിക്കുവാനും ഇടയാക്കുന്ന എന്തെങ്കിലും സംഭവിക്കുമെന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

നിങ്ങൾ ഈ തീർപ്പിൽ എത്തിയാലും ഇല്ലെങ്കിലും, നാം വിശ്വാസത്തിൽ വളരേണം എന്ന കാര്യത്തിൽ നമുക്ക് യോജിക്കുവാൻ കഴിയും – ഇപ്പോഴും നമ്മിൽ പലരും ബഹുദൂരം പോകേണ്ടതായിട്ടുമുണ്ട്. ആ അപ്പന്റെ വാക്കുകൾ ഇപ്പോഴും നമ്മെ വേട്ടയാടുന്നു: "ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന് സഹായിക്കേണമേ."

**വിശ്വാസത്തിന്റെ ഉറവിടങ്ങൾ**

"വിശ്വാസം" എന്നതിനെ എങ്ങനെ സഹായിക്കുവാൻ കഴിയും? നമ്മുടെ വിശ്വാസം വളരുവാൻ എന്താണ് ഇടയാക്കുന്നത്? ആ അപ്പൻ ചെയ്തതു പോലെ നമ്മുടെ ആവശ്യത്തെ തിരിച്ചറിയുകയാണ് ആദ്യം ചെയ്യേണ്ടതു, എന്നാൽ അവിടെ നിന്നു നാം എവിടേക്കുപോകും? നമ്മുടെ വേദഭാഗം ഉപയോഗിച്ചുകൊണ്ട്, വിശ്വാസ ഉറവിടങ്ങൾക്കായി നമുക്കു അന്വേഷണം നടത്താം.

*പഠിക്കൽ.* താൻ അഭിമുഖീകരിച്ച അവിശ്വാസത്തെ ഇല്ലാതാക്കുന്നതിനായിരുന്നു യേശു ഭൂതത്തെ പുറത്താക്കിയത്. ആ ബാലന് പൂർണ്ണമായും സൗഖ്യമായപ്പോൾ, ആളുകൾ "ദൈവത്തിന്റെ മഹിമയിൽ ആശ്ചര്യപ്പെടുകയുണ്ടായി" (ലൂക്കൊസ് 9:43). ഇന്ന് ക്രിസ്തു നമ്മുടെ ഇടയിൽ നടക്കുന്നില്ല, അത്ഭുതങ്ങൾ നടത്തുന്നില്ല, എന്നാൽ ഇപ്പോഴും അവന്റെ അത്ഭുത പ്രവൃത്തികൾ ദൈവശ്വാസീയമായി രേഖപ്പെടുത്തിയിരിക്കുന്നതു നമുക്കുണ്ട്. യോഹന്നാൻ എഴുതി,

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ, മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു; എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്ന്, *നിങ്ങൾ വിശ്വസിക്കേണ്ടതിനും* വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും; ഇതു *എഴുതിയിരിക്കുന്നു* (യോഹന്നാൻ 20:30,31; എംഫസിസ് മൈൻ).

വിശ്വാസത്തെ എങ്ങനെ പണിയണമെന്നതിനു തീർച്ചയുള്ള ഉത്തരം "വചനം പഠിക്കുക, പ്രത്യേകിച്ച് യേശുവിനെ കുറിച്ചുള്ള വചനം" എന്നതാണ്. തന്റെ മരണത്തിന് തൊട്ടുമുൻപുള്ള രാത്രിയിൽ, ക്രിസ്തു അപ്പൊസ്തലന്മാർക്കുവേണ്ടിയും "*അവരുടെ വചനം മുഖാന്തിരം* അവനിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും" പ്രാർത്ഥിച്ചു (യോഹന്നാൻ 17:20; എംഫസിസ് മൈൻ). പൗലൊസ് എഴുതി, "ആകയാൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). "ക്രിസ്തുവിന്റെ വചനം" എന്ന പദപ്രയോഗത്തിന് "ക്രിസ്തുവിനെ *കുറിച്ചുള്ള* സന്ദേശം"[38] എന്നും അർത്ഥമുണ്ട്. നിങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ദൈവത്തിന്റെ വചനം ദിവസവും പഠിക്കുക (നോക്കുക പ്രവൃത്തികൾ 17:11; 2 തിമൊഥെയൊസ് 2:15; കെജെവി).

*ജീവിക്കുന്നു.* എങ്ങനെയായാലും, തല നിറയെ ജ്ഞാനം ഉണ്ടായിരുന്നാൽ, മാത്രം പോര. വിശ്വാസം വാസ്തവമായിട്ടുള്ളതും ജീവിക്കുന്നതും ആകണമെങ്കിൽ (കടുകുമണിയെ ഓർമ്മിക്കുക), അത് ജീവനുള്ളതായിരിക്കണം. വിശ്വാസം പ്രവർത്തികളിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നത് എന്ന് യാക്കോബ് പറഞ്ഞു (യാക്കോബ് 2:22). അവൻ എഴുതി "പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ്" (യാക്കോബ് 2:20) "ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ, നമ്മുടെ വിശ്വാസവും പ്രവൃത്തികൾ ഇല്ലാതെയായാൽ അതു നിർജ്ജീവമത്രെ" (യാക്കോബ് 2:26).

ഒന്നും ചെയ്യാതിരിക്കുന്നതിനുള്ള ഒഴികഴിവായി വിശ്വാസബലഹീനതയെ കാണാതിരിക്കുക. നാം "അയോഗ്യരായ" ദാസന്മാർ ആണെങ്കിലും (ലൂക്കൊസ് 17:10), ഇപ്പോഴും നാം സേവനം നടത്തേണ്ടതായിട്ടുണ്ട് (മത്തായി 20:26). നമുക്കു "പ്രാർത്ഥിക്കേണ്ടതുപോലെ പ്രാർത്ഥിക്കുവാൻ അറിയുകയില്ല'' എങ്കിലും (റോമർ 8:26), അപ്പോഴും നാം പ്രാർത്ഥിക്കണം (1 തെസലൊനിക്യർ 5:17). അതുപോലെ, നമ്മുടെ വിശ്വാസം പരിമിതപ്പെട്ടിരിക്കുകയാണെങ്കിലും, അത് അപ്പോഴും പ്രവർത്തിക്കണം. വ്യായാമത്തിലൂടെയാണ് പേശികൾ വളരുന്നത്, അതുപോലെയാണ് നമ്മുടെ വിശ്വാസവും.

ആരോ പറഞ്ഞത് എന്തെന്നാൽ നാം ഒരു വെല്ലുവിളി നേരിടുമ്പോൾ, ''ഈ സാഹചര്യത്തിൽ വിശ്വാസം എന്തുചെയ്യും?'' എന്നു നാം ചോദിക്കുകയും, പിന്നെ അതു *ചെയ്യുക*യും വേണം എന്നാണ്. ഓരോ ദിവസവും ആരംഭിക്കുമ്പോൾ ഉറപ്പിക്കണം, "ഇന്നു ഞാൻ ഒരു വിശ്വാസിയായി ജീവിക്കും!"

*വിട്ടുകളയുകയും പറ്റിച്ചേരുകയും വേണം.* മറ്റു നിർദ്ദേശങ്ങളും നൽകുവാൻ കഴിയും: വിശ്വാസത്തെ[39] തകർക്കുന്ന എന്തും നാം ഉപേക്ഷിക്കുകയും വിശ്വാസത്തെ ഉത്തേജിപ്പിക്കുന്ന അന്തരീക്ഷം ഉണ്ടാക്കുകയും വേണം. ഇതിൽ വിശ്വാസത്തെ–പണിയുന്ന ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും (നോക്കുക 1 കൊരിന്ത്യർ 15:33; 2 തിമൊഥെയൊസ് 1:5) നമ്മുടെ മനസ്സിൽ വിശ്വാസം–വർദ്ധിപ്പിക്കുന്ന വിവരങ്ങൾ നിറയ്ക്കുന്നതും ഉൾപ്പെടുന്നു (ഫിലിപ്പിയർ 4:8). വീണ്ടും, ദൈവത്തോട് അടുക്കുവാൻവേണ്ടി നമുക്കു ചെയ്യുവാൻ കഴിയുന്നതു എല്ലാം നാം ചെയ്തുകൊണ്ട് (യാക്കോബ് 4:8) അവനിൽ ആശ്രയിക്കുവാൻ ശീലിക്കണം (സങ്കീർത്തനം 37:5).[40] ഇതിൽ നമ്മുടെ പ്രാർത്ഥനാജീവിതത്തെ[41] ശക്തിപ്പെടുത്തുന്നതും (എഫെസ്യർ 1:18; യൂദാ 20) തിരുവെഴുത്തുകളെ[42] ധ്യാനിക്കുന്ന പുരാതനമായ രീതി ആർജ്ജിക്കുന്നതും ഉൾപ്പെടുന്നു. വചനത്തെ കുറിച്ച് ചിന്തിക്കുവാൻ നാം സമയം ചിലവിടണം (സങ്കീർത്തനം 1:2) കൂടാതെ ദൈവം നമുക്കും മറ്റുള്ളവർക്കും ചെയ്തതിനെ കുറിച്ചും നാം ചിന്തിക്കണം (സങ്കീർത്തനം 143:5). ലിസ്റ്റ് അങ്ങനെ തുടർന്നുപോകും.[43]

**ഉപസംഹാരം**

നിങ്ങളുടെ വിശ്വാസം പരിശോധിക്കുന്നതിനുള്ള ഒരു വെല്ലുവിളി ആയിരിക്കും ഈ പാഠമെന്നു ഞാൻ കരുതുന്നു. ഏറ്റവും പ്രധാനമായി, നിങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തുവാൻ നിങ്ങളെ വെല്ലുവിളിച്ചിരിക്കുന്നതിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഉടനെ അല്ലെങ്കിൽ പിന്നീടു, ക്രമമുള്ള പർവ്വതശിഖരത്തിൽ നിന്ന് നാം എല്ലാവരും കുഴപ്പമുള്ള താഴ്‌വരയിലേക്കു വരും.

ശക്തമായ വ്യക്തിപരമായ വിശ്വാസം വർദ്ധിപ്പിക്കുന്നതിന് കഴിയാതാകുന്ന വിധം നിങ്ങളുടെ ജീവിതം നിയന്ത്രണാധീനമായിതീരുന്നതുവരെ കാത്തിരിക്കരുത്. വിശ്വാസം പണിയുവാനുള്ള സമയം *ഇപ്പോഴാ*ണ്. ക്രിസ്തു പത്രൊസിനു വേണ്ടി പ്രാർത്ഥിച്ചതുപോലെ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു: "നിങ്ങളുടെ വിശ്വാസം പരാജയപ്പെടാതിരിക്കുവാൻ" ഞാൻ പ്രാർത്ഥിക്കുന്നു (ലൂക്കൊസ് 22:32).

നിങ്ങൾ കർത്താവിൽ വിശ്വസിക്കു*ന്നുണ്ടോ?* അങ്ങനെ എങ്കിൽ, ആ വിശ്വാസം ധൈര്യത്തോടെ ഏറ്റുപറയുക (മത്തായി 10:32; 1 തിമൊഥെയൊസ് 6:12; 1 യോഹന്നാൻ 4:15; യോഹന്നാൻ 12:42). നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ നിന്നുള്ള മോചനത്തിനായി സ്നാനം ഏറ്റിട്ടില്ലെങ്കിൽ, നിങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞ് ആ വിശ്വാസത്തിന്റെ പ്രകടനം എന്ന രീതിയിൽ വെള്ളത്തിൽ മുങ്ങൽ സ്നാനം ഏൽക്കുക (പ്രവൃത്തികൾ 2:36–38; മർക്കൊസ് 16:15, 16; ഗലാത്യർ 3:26, 27). പിന്നെ നിങ്ങൾക്ക് ആയുഷ്കാലം മുഴുവൻ കർത്താവിൽ ജീവിതം ചിലവിടാം (എഫെസ്യർ 2:13) നിങ്ങളുടെ വിശ്വാസം പണിയുകയും ചെയ്യാം!

## പ്രസംഗക്കുറിപ്പുകൾ

നിങ്ങൾക്ക് ശബ്ദാവർത്തനം ഇഷ്ടമാണെങ്കിൽ, ശാസ്ത്രിമാരെയും അവരുടെ വിശ്വാസ *കുറവിനെ*യും, വിശ്വാസം *നഷ്ടപ്പെട്ട* പുരുഷാരത്തെയും, അപ്പൊസ്തലന്മാരെയും അവരുടെ *പരിമിത* വിശ്വാസത്തെയും – യേശു അംഗീകരിച്ച *അൽപ* വിശ്വാസവുമായി (എന്നാൽ വർദ്ധിക്കുന്ന) താരതമ്യപ്പെടുത്തി നിങ്ങൾക്കു പറയാം.

അതിനുസമാനമായ തലക്കെട്ട് നൽകാവുന്നത് "കടുകുമണി വിശ്വാസം" എന്നാണ്. നിങ്ങൾക്ക് ഒരു പാക്കറ്റ് കടുക് ഉപയോഗിച്ചു പാഠം അവതരിപ്പിക്കാം. വിതരണം ചെയ്യുവാൻ വേണമെങ്കിൽ നിങ്ങൾക്ക് കാർഡുകൾ ഉപയോഗിക്കാം, അതിൽ നിങ്ങളുടെ ശ്രോതാക്കൾക്കു ഓർമ്മിക്കുവാൻ മുഖ്യചിന്തകളും ഉൾപ്പെടുത്താം. ഓരോ കാർഡിലും നിങ്ങൾക്ക് ഓരോ കടുകുമണി ഒട്ടിച്ചുവെയ്ക്കാം.

ഭൂത–ബാധിതനായ ബാലനെ സൗഖ്യമാക്കുന്ന സംഭവം നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുണ്ടെങ്കിൽ, ചുരുക്കമായി ആ സംഭവം വിവരിച്ചുകൊണ്ട് അതു പ്രായോഗികമാക്കുന്നതിനെ വിവരിക്കുവാൻ കൂടുതൽ സമയം ചിലവഴിക്കാം: സംശയം പുറപ്പെടുവിക്കുന്നതും വിശ്വാസം പുറപ്പെടുവിക്കുന്നതും.

---

കുറിപ്പുകൾ

[1]മർക്കൊസ് 9:15 പറയുന്നത് "പുരുഷാരം മുഴുവൻ അവനെ [യേശു] കണ്ടപ്പോൾ, വിസ്മയിച്ചു" എന്നാണ്. ക്രിസ്തുവിന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്ന അവനു മറുരൂപ മലയിൽ വെച്ചുണ്ടായ മാറ്റം കൊണ്ടാണ് (മോശെ പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്നപ്പോൾ അവന്റെ മുഖം പ്രകാശിച്ചിരുന്നതുപോലെ) അവർ വിസ്മയിച്ചത് എന്നു നാം ഒരുപക്ഷെ ചിന്തിക്കുകയില്ല. മറുരൂപമലയിൽ വെച്ചു സംഭവിച്ചത് ഒരു നിമിഷത്തേക്ക് രഹസ്യമായിരിക്കേണ്ടതാണ് (മർക്കൊസ് 9:9). ആളുകൾ ആശ്ചര്യപ്പെടുവാനുള്ള കാരണം

അത്രപെട്ടെന്ന് അവർ യേശുവിനെ പ്രതീക്ഷിച്ചിരുന്നില്ല എന്നതാകാം. [2]ആ ബാലന് ഒച്ച വയ്ക്കാൻ കഴിയുമായിരുന്നു (ലൂക്കൊസ് 9:39), എന്നാൽ അവനു സ്പഷ്ടമായി സംസാരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആ ബാലന് ശാരീരികമാ*യും* ഭൂതം ബാധിച്ച തിന്റേയും കുഴപ്പമുണ്ടായിരുന്നതായി ചില സൂചനകളുണ്ട്: വേദഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്ന "കുവേർഡ്" (മത്തായി 17:18) എന്നും "ഹീൽഡ്" എന്നുമുള്ള വാക്കുകൾ (ലൂക്കൊസ് 9:42), സാധാരണ സുവിശേഷ വിവരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് ശാരീരിക സൗഖ്യത്തിനാണ്, അല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നതിനല്ല. [3]മിക്ക വീടുകളിലും തറയുടെ മദ്ധ്യത്തിലാണ് തീ ഉണ്ടായിരിക്കുക, മിക്ക അരുവികളിലും പാലങ്ങൾ ഉണ്ടായിരുന്നില്ല. ഭൂതത്തിന് ബാലനെ എളുപ്പത്തിൽ തീയിലോ വെള്ളത്തിലോ തള്ളിയിടുവാൻ കഴിയുമായിരുന്നു. ഭൂതത്തിന്റെ ഉദ്ദേശം ബാലനെ നശിപ്പിക്കുകയായിരുന്നു എന്നാണ് അവന്റെ അപ്പൻ പറഞ്ഞത് (മർക്കൊസ് 9:22); കൂടുതൽ സാധ്യത, അശുദ്ധാത്മാവിന്റെ ഉദ്ദേശം ബാലനെ ദണ്ഡിപ്പിക്കുകയായിരുന്നു. ഭൂതങ്ങൾക്ക് എപ്പോഴും വസിപ്പാൻ ജീവനുള്ള ഒരു അതിഥിയെ ആവശ്യമായിരുന്നു. ("ക്രിസ്തുവിന്റെ ജീവിതം, 5"–ലെ മത്തായി 8:31, മർക്കൊസ് 5:12, ലൂക്കൊസ് 8:22 എന്നിവയെ കുറിച്ചുള്ള പരാമർശങ്ങൾ നോക്കുക). [4]ചാൾസ് ബി. ക്ലേമാൻ, മെഡിക്കൽ എഡി., *ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ ഹോം മെഡിക്കൽ എൻസൈക്ലോപീഡിയ*, വാല്യം. 1, എസ്.വി. "എപ്പിലെപ്സി." [5]ആ ബാലന്റെ കഷ്ടതയുടെ ശരിയായ സ്വഭാവം മനസ്സിലാക്കുവാൻ അന്ധവിശ്വാസമുള്ള പുരുഷാരത്തിന് കഴിഞ്ഞില്ല, എന്നാൽ ദൈവശ്വാസീയരായ പുരുഷന്മാർ ബാലനിൽ ഭൂതമുണ്ടെന്നു പറഞ്ഞു. ദൈവശ്വാസീയതയിൽ വിശ്വസിക്കുന്നവർക്ക് ആ ചോദ്യത്തിനുള്ള ഉത്തരം അതു നൽകുന്നു. [6]കർത്താവിനോടുകൂടെ തീർച്ചയായും നിങ്ങൾക്ക് സഹതപിക്കുവാൻ കഴിയും. നിങ്ങൾ ഒരിക്കലും പറഞ്ഞിട്ടില്ലെങ്കിലും, ചുരുങ്ങിയത് ഇങ്ങനെ ചിന്തിച്ചേക്കാം: "ഞാൻ എത്രത്തോളം ഇതിനെ സഹിക്കും?" [7]പഴയനിയമത്തിലെ ഇതേ പ്രസ്താവനകൾ പല എഴുത്തുകാരും പറഞ്ഞിട്ടുണ്ട് (നോക്കുക സംഖ്യാപുസ്തകം 14:27; ആവർത്തനപുസ്തകം 32:5, 20; സങ്കീർത്തനം 95:10). [8]ചോദ്യം ചെയ്യാതെ വിശ്വസിച്ചത് ഭൂതം മാത്രമായിരുന്നു … എന്നാൽ അവനെ കുറിച്ചു നാം ഇനി സംസാരിക്കുന്നില്ല. [9]ആർ. അലൻ കോൾ, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാർക്ക്*, റെവ. എഡി., ടിൻഡെയിൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി. ഏർഡ്മാൻസ് പബ്ളിഷിങ് കമ്പനി.), 216. [10]"അസ്" എന്ന വാക്ക് ശ്രദ്ധിക്കുക. രോഗിയായ ഒരു കുട്ടിയുള്ള ഏതൊരു മാതാപിതാക്കൾക്കും അറിയാം ആ രോഗം കുട്ടിയെ മാത്രമല്ല ബാധിക്കുന്നത്; അത് കുടുംബത്തെ മുഴുവൻ ബാധിക്കും എന്നുള്ളത്.

[11]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാർക്ക്*, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 218. വിശ്വാസത്തിന്റെ ശക്തിയെ പരാമർശിക്കുന്നതിൽ, വിശ്വാസവസ്തുതയെക്കാൾ അധികം വിശ്വാസത്തിന് ഊന്നൽ കൊടുക്കാതിരിപ്പാൻ ശ്രദ്ധിക്കുക. ഏറ്റവും നല്ല വിൽപനയുണ്ടായ കഴിഞ്ഞ കാല പുസ്തകങ്ങളിൽ ഊന്നൽ കൊടുത്തിരിക്കുന്നത് വിശ്വസിച്ച വ്യക്തികൾക്കാണ് അല്ലാതെ ദൈവത്തിന്റെ ശക്തിക്കല്ല. [12]ഇബിഡ്. ബാർക്ലേ ഉദ്ധരിച്ച ഇറ്റാലിയൻ രാഷ്ട്രീയ നേതാവായിരുന്ന കാമിലോ ബെൻസോ ഡി കേവർ (1810–61), പൗരന് ആ ഒരു ബോധം ആവശ്യമാണ് എന്നു പറഞ്ഞിരിക്കുന്നു. [13]"പെട്ടെന്ന് വന്നുകൂടിയ പുരുഷാരത്തെ [അവൻ] കണ്ടപ്പോൾ" യേശു ഇതു ചെയ്തു എന്ന് മർക്കൊസ് 9:25 പറയുന്നു. അകാരണമായ പ്രചാരം ഒഴിവാക്കുവാൻ ആ അപ്പനെയും ബാലനെയും ഒരുവശത്തേക്കു മാറ്റി എന്നായിരിക്കാം ഇതു സൂചിപ്പിക്കുന്നത്. ചിലർ അതിനു വിപരീതമായി ചിന്തിക്കുന്നു: വന്നുകൂടിയ പുരുഷാരത്തിൽ വിശ്വാസം ജ്വലിപ്പിക്കുന്നതിനായിരുന്നു ക്രിസ്തു ആ അത്ഭുതം ചെയ്തത് എന്നു ചിലർ

കരുതുന്നു. [14]“വീണ്ടും അവനിൽ പ്രവേശിക്കരുത്” എന്ന കൽപന ആ അപ്പനെ ആശ്വസിപ്പിച്ചിരിക്കണം: ആപത്ത് ആവർത്തിക്കപ്പെടുകയില്ല. [15]കോൾ, 216. [16]ഈ വാക്യത്തെ ലൂക്കൊസ് 7:15–മായി താരതമ്യം ചെയ്യുക. [17]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ലൂക്ക്* (അബിലീൻ, ടെക്സ്.: എസിയു പ്രെസ്, 1975), 186. [18]മർക്കൊസ് 9:28 തുടങ്ങുന്നത്, “അവൻ വീട്ടിൽ പ്രവേശിച്ചപ്പോൾ” എന്നാണ്. ഇക്കാരണത്താൽ യേശുവും ശിഷ്യന്മാരും കഫർന്നഹൂമിലേക്ക് മടങ്ങിവന്നു എന്നു ചിലർ തീർച്ചപ്പെടുത്തുന്നു (മർക്കൊസ് 2:1 നോക്കുക). തീർച്ചയായും, അത് എവിടെയും ഉള്ള വീടാകുവാൻ, സാധ്യതയുണ്ട്. [19]കെജെവിയിൽ “നിങ്ങളുടെ അവിശ്വാസം നിമിത്തം” എന്നാണ്, എന്നാൽ നല്ല കയ്യെഴുത്തു പ്രതിയിൽ “നിങ്ങളുടെ അൽപവിശ്വാസം നിമിത്തമത്രെ” എന്നാണ്. യേശു പലപ്പോഴും ശിഷ്യന്മാരുടെ “അല്പ വിശ്വാസത്തെ” ശാസിച്ചിട്ടുണ്ട് (നോക്കുക മത്തായി 6:30; 8:26; 14:31; 16:8). [20]യേശു ഒരു മലയിൽനിന്ന് ഇറങ്ങിവന്നു. “*ഈ മല*” യോടു എന്നു യേശു പറഞ്ഞപ്പോൾ ഒരുപക്ഷെ അവൻ ആ മല ചൂണ്ടിക്കാണിച്ചിരിക്കാം.

[21]“നിങ്ങൾക്ക് ഒന്നും അസാധ്യമാകയില്ല” എന്ന വാക്കുകളെ കുറിച്ച് അറിയുവാൻ, ഈ പ്രസംഗത്തിൽ ആദ്യം വന്ന ഇതേ വാഗ്ദാനത്തെ കുറിച്ചുള്ള മർക്കൊസ് 9:23–ലെ പരാമർശം നോക്കുക. [22]കെജെവി വാക്യം 21 കൂടി ചേർക്കുന്നു, അതു മിക്ക പുരാതന കയ്യെഴുത്തു പ്രതികളിലും ഇല്ല: “പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി പുറപ്പെട്ടുപോകയില്ല.” എൻഎഎസ്ബി ആ വാക്യത്തെ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു: “[‘ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി പുറപ്പെട്ടു പോകയില്ല.’]” ഈ പ്രസംഗത്തിൽ പിന്നീട് മർക്കൊസ് 9:29 പഠിക്കുമ്പോൾ ആ പ്രസ്താവനയുടെ മുഖ്യഭാഗം നാം പരിശോധിക്കും. [23]പൗലൊസും ഇത്തരം ആലങ്കാരികഭാഷ 1 കൊരിന്ത്യർ 13:2–ൽ ഉപയോഗിച്ചിട്ടുണ്ട്. [24]“എ മൗണ്ടൻ ഓഫ് ഡിഷസ്” അല്ലെങ്കിൽ “എ മൗണ്ടൻ ഓഫ് അയേണിങ്” എന്ന പ്രയോഗങ്ങൾ ചില വീടു നിർമ്മാതാക്കൾക്ക് തിരിച്ചറിയുവാൻ കഴിയും. [25]ഈ പദപ്രയോഗ ചർച്ച കാണുന്നത് വില്യം ബാർക്ലേയുടെ, *ദ ഗോസ്പെൽ ഓഫ് മാത്യു* എന്നതിൽ, റെവ. എഡി., വാല്യം. 2 (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 167. [26]ഞാൻ ഒരു ആലങ്കാരിക ഉപയോഗമാണ് നടത്തുന്നത്. കടുകുമണി *സ്വാഭാവികമായി* ചെയ്യുന്നതു, നാം *താൽപര്യപൂർവ്വം* ചെയ്യേണ്ടതാണ്. [27]ഹൂഗോ മെക്ഗോർഡ്, *മെക്ഗോർഡ്സ് ന്യൂ ടെസ്റ്റമെന്റ് ട്രാൻസ്ലേഷൻ ഓഫ് ദ എവർലാസ്റ്റിങ് ഗോസ്പെൽ* (ഹെൻടെർസൺ, ടെൻ.: ഫ്രീഡ്–ഹാർഡിമാൻ യൂണിവേഴ്സിറ്റി, 1988), 207. (എംഫസിസ് മൈൻ). [28]ചില ഭൂതങ്ങൾ മറ്റുള്ളവരേക്കാൾ ശക്തരാണ് എന്നാണ് “ഈ ജാതി” എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത് എന്ന് ചില എഴുത്തുകാർ കരുതുന്നു. ഒരു കാര്യം തീർച്ചയാണ്: മുൻപ് നാം പഠിച്ച വേദഭാഗത്തിലെ ഭൂതത്തെ പോലെ ബാലനെ ബാധിച്ച ഭൂതം നിഷ്പ്രയാസം വിട്ടുപോയില്ല എന്നു കാണാം. [29]കെജെവി “ഉപവാസത്താലും” എന്നു ചേർക്കുന്നു, എന്നാൽ ആ വാക്കുകൾ പുരാതന കയ്യെഴുത്തു പ്രതികളിൽ കാണുന്നില്ല. [30]ജോൺ ഫ്രാങ്ക്ളിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്വില്ലേ: ബ്രോഡ്മാൻ പ്രെസ്, 1961), 176.

[31]തീ എന്ന വാക്ക് ചിന്തിക്കുക. [32]ഈ അവസാനഭാഗത്തെ ചിലത് 1988–സെപ്റ്റംബർ 11–ന്, ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ റിക്ക് ആച്ച്ലി പ്രസംഗിച്ച, “ഡൗൺ ഇൻ ദ വാലി,” എന്നതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. [33]ഈ ചോദ്യം ദീർഘമായി ചർച്ച ചെയ്യുവാൻ കഴിയുന്നതാണ്, എന്നാൽ അത് ഈ പാഠത്തിന്റെ ലക്ഷ്യത്തിനുമപ്പുറമുള്ളതാണ്. [34]ഇതിനോട് നിങ്ങൾക്ക് ഏതാനും ചിന്താവിഷയങ്ങൾ ചേർക്കുവാൻ ആഗ്രഹം ഉണ്ടെങ്കിൽ, കാലനിർണ്ണയപ്രകാരം പിന്നെ അടുത്തതായി സംഭവിച്ചത് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ്

എന്നിവയെ കുറിച്ചുള്ള അവന്റെ പ്രഖ്യാപനമാണ് എന്ന് അറിഞ്ഞിരിക്കുക (ലൂക്കൊസ് 9:43, 44). നമ്മുടെ വഴിയിൽ എന്തു കുഴപ്പം നേരിട്ടാലും, ദൈവം നമ്മെ സ്നേഹിക്കുന്നു വെന്ന ഉറപ്പാണ് *ക്രൂശ്* നൽകുന്നത്. *ഉയിർത്തെഴുന്നേൽപ്* നമ്മെ ഉറപ്പിക്കുന്നത്, അവ സാനം, തിന്മ കീഴടങ്ങും എന്നാണ്! [35]ജോൺ എച്ച്. വെസ്റ്ററോഫ് III, *വിൽ അവർ ചിൽഡ്രൻ ഹാവ് ഫെയിത്ത്?* (ന്യൂയോർക്ക്: ഹാർപെർകോളിൻസ് പബ്ളിഷേഴ്സ്, 1976), 89–99. ഞാൻ അദ്ദേഹത്തിന്റെ വാക്കുകൾ കടമെടുത്തിരിക്കുന്നു, അദ്ദേഹത്തിന്റെ കാഴ്ച്ച പ്പാടല്ല. ചുരുക്കം അദ്ദേഹത്തിന്റേതല്ല, എന്റേതാണ്. [36]അവൻ ഇതിനെ വിളിച്ചത് "അഫി ലിയേറ്റീവ്" ഫെയ്ത്ത് എന്നാണ്. കൂടുതൽ സുപരിചിതമായ "അഫിലിയേറ്റഡ്" എന്ന താണ് ഇതിനുപകരം ഞാൻ ഉപയോഗിച്ചത്. [37]ഇതു ചിലപ്പോൾ ലൗകിക സ്കൂളിലെ ദൈവത്തിൽ വിശ്വാസമില്ലാത്ത ഒരു അദ്ധ്യാപകനോ അല്ലെങ്കിൽ വ്യക്തിപരമായ ഒരു ആപത്തോ ആകാം (ഒരു കുട്ടിയുടെ മരണം, ഉദാഹരണത്തിന്). നിങ്ങൾ ആയിരിക്കുന്ന സമൂഹത്തിന് യോജിക്കും വിധത്തിൽ അതു വ്യക്തിപരമാക്കുക. [38]ന്യൂ സെഞ്ചറി വേർഷ നിൽ "അവരോടു ക്രിസ്തുവിനെ *കുറിച്ചു* പറയുക" എന്നാണ് (എംഫസിസ് മൈൻ). [39]ശാസ്ത്രിമാരുടേയും ശിഷ്യന്മാരുടേയും വിശ്വാസരാഹിത്യത്താൽ ആ അപ്പന്റെ വിശ ്വാസം ഇളകിയിരുന്നു. [40]ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം ശിഷ്യന്മാർ സ്പഷ്ട മായും തങ്ങളിൽ തന്നെ ആശ്രയിച്ചിരുന്നു.

[41]നമ്മുടെ വേദഭാഗം പറയുന്നതു വിശ്വാസത്തിനും പ്രാർത്ഥനക്കും ഇടയിലെ ബന്ധത്തെ കുറിച്ചാണ് (മത്തായി 17:20; മർക്കൊസ് 9:29). [42]നിങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ബൈബിളിൽ പറഞ്ഞിരിക്കുന്ന ധ്യാനം ഇന്ന് പൊതുവിൽ "ധ്യാനം" എന്നു വിളി ക്കുന്നതുപോലെയുള്ളത് *അല്ല* (അതു പലപ്പോഴും അർത്ഥശൂന്യമായ ഏകസ്വരം ആവർത്തിച്ച് നടത്തുന്നതാണ്). [43]ഉദാഹരണത്തിന്, ഒരാളുടെ വിശ്വാസം ഏറ്റുപറയുന്നതു അതു യഥാർത്ഥമാകുവാൻ സഹായിക്കുന്നു. നിങ്ങളുടെ മനസ്സിൽ വരുന്ന മറ്റു നിർദ്ദേ ശങ്ങളും ചേർക്കുക.